# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2059

## 11/03/2020 ൽ മറുപടി നൽകേണ്ടത്

**അനധികൃതമായി കൈപ്പറ്റിയ സാമൂഹിക സുരക്ഷാ പെൻഷൻ തുക**

**ചോദ്യം**
ശ്രീ. കെ.എസ്.ശബരീനാഥൻ

**മറുപടി**
കെ.എൻ. ബാലഗോപാൽ
ധനകാര്യ വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ദുർബലരും, സമൂഹത്തിൽ പ്രയാസം നേരിടുന്നതുമായ ജനവിഭാഗങ്ങൾക്ക് നൽകുന്ന സാമൂഹിക സുരക്ഷാ പെൻഷൻ സർക്കാർ ജീവനക്കാരും പെൻഷൻകാരും വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | ഉണ്ട് |
| (ബി) | ഇത്തരക്കാരെ കണ്ടുപിടിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചത്; എത്ര പേർ അനധികൃതമായി പെൻഷൻ വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ട്; | സ്പാർക്കിലുള്ള സർക്കാർ ജീവനക്കാരുടെ ഡാറ്റാബേസും പെൻഷൻ വാങ്ങുന്നവരുടെ ട്രഷറിയിലുള്ള വിവരങ്ങളും 'സേവന' ഡാറ്റാബേസുമായി ഒത്തുനോക്കിയാണ് ഇത്തരക്കാരെ കണ്ടുപിടിച്ചിട്ടുള്ളത്. 29/02/2020-ൽ സ്പാർക്കിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം സർക്കാർ ജീവനക്കാരായ 2087 പേരും താത്ക്കാലിക സർക്കാർ ജീവനക്കാരായ 259 പേരും സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റുന്നുണ്ട്. സർവ്വീസ്/ കുടുംബ പെൻഷൻ ലഭിക്കുന്ന 7343 പേരാണ് അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരുന്നത്. അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 23/01/2020 തീയതിയിലെ 07/2020/ധന. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അനധികൃതമായി വാങ്ങിയ തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | |
| (ഡി) | അനധികൃതമായി കൈപ്പറ്റിയ തുക സർവ്വീസ് / കുടുംബ പെൻഷൻകാരിൽ നിന്നും തിരികെ പിടിക്കുവാൻ ട്രഷറി ഡയറക്ടർക്ക് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ